(സി) 4544.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

സാമൂഹ്യ ജലസേചന പദ്ധതി നടപ്പാക്കുന്ന ജില്ലകൾ

496. [677] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി

,, പന്തളം സുധാകരൻ :

,, കെ. കെ. തോമസ് :

,, ടി. എച്ച്. മുസ്തഫ :

,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതി ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര വീതം ;

(സി) ഇതു നടപ്പിലാക്കുന്നതിനായി കൃഷിക്കാരുടെ സൊസൈറ്റികൾ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായോ ?

ഉത്തരം

(എ) ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) 1986-87 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ ഒരെണ്ണം വീതമെങ്കിലും എന്ന തോതിൽ നടപ്പാക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) നടപടികൾ നടന്നുവരുന്നു.

സാമൂഹ്യ ജലസേചനപദ്ധതിക്ക് ഓരോ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ

497 [678] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സാമൂഹ്യ ജലസേചന പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ പറയാമോ,

(ബി) ഇക്കാര്യത്തിൽ ഓരോ ജില്ലയിൽനിന്ന് വിവിധ ഇനത്തിൽ എത്ര അപേക്ഷ വീതം കിട്ടി ; എത്ര അപേക്ഷകൾ വീതം അനുവദിച്ചു ;

(സി) അനുവദിച്ച പദ്ധതികൾ സംസ്ഥാനത്ത് ഈ വർഷം നടപ്പാക്കുമ്പോൾ എത്ര സംഖ്യ ചെലവാകും ;

(ഡി) ഇതിന്റെ നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതാണെന്നു ഇതുവരെ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല, കിട്ടിയ അപേക്ഷകൾ വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതികളുടെ പ്രായോഗികതയെ ആശ്രയിച്ചാണ് ഇതു തീരുമാനിക്കുന്നത്.

(ബി) ഓരോ ജില്ലയിൽ നിന്നും കിട്ടിയ അപേക്ഷകളുടെ വിവരം താഴെ ചേർക്കുന്നു. കിട്ടിയ അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ജില്ല	ഉപരിതല ജലപദ്ധതി	ഭൂഗർഭജല പദ്ധതി	ആകെ എണ്ണം
തിരുവനന്തപുരം	260	116	376
കൊല്ലം	63	147	210
പത്തനംതിട്ട	34	74	108
കോട്ടയം	365	343	708
ആലപ്പുഴ	19	124	143
ഇടുക്കി	275	230	505
എറണാകുളം	114	50	164
തൃശ്ശൂർ	320	512	832
പാലക്കാട്	265	945	1210
മലപ്പുറം	292	171	463
കോഴിക്കോട്	186	149	335
വയനാട്	184	94	278
കണ്ണൂർ	117	126	243
കാസർഗോഡ്	132	197	329
മൊത്തം	2626	3278	5904

(സി) അപേക്ഷ കിട്ടിയിട്ടുള്ള പഞ്ചായത്തുകളിൽ കുറഞ്ഞത് ഒരു പദ്ധതിയെങ്കിലും നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിലേക്കു 10 കോടി രൂപയിൽ താഴെ ചിലവു വരികയുള്ളൂ.

(ഡി) ഉപരിതല ജലവും ഭൂഗർഭജലവും പരമാവധി പ്രയോജനപ്പെടുത്തുക എന്ന തത്വം സ്വീകരിക്കുന്നതു മുഖേന കഴിയുന്നിടങ്ങളിലെല്ലാം ഉപരിതലജലത്തിനു അനുപൂരകമായി ഭൂഗർഭജലവും ഉപയോഗപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് ജലക്ഷാമമുള്ള പ്രദേശങ്ങളിലെല്ലാം സംയുക്ത ജലസേചന പദ്ധതികൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ജലസേചനത്തെ ഒരു സാമൂഹ്യ ആവശ്യമായി കണക്കാക്കി ഗുണഭോക്തൃസംഘങ്ങളായ കൃഷിക്കാരുടെ പങ്കാളിത്തത്തോടുകൂടി അനേകം പദ്ധതികൾ കുറഞ്ഞ കാലയളവിൽ ഇപ്രകാരം നടപ്പാക്കുന്നതുമൂലം കാർഷികമേഖല കൂടുതൽ സമ്പന്നമാകുന്നതാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുമൂലമുണ്ടാകാവുന്ന കാർഷികോൽപ്പാദന വർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റത്തിനു സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) നടപ്പാക്കേണ്ട പദ്ധതികളുടെ പ്രാഥമിക സർവ്വേ നടന്നുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly